## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :1710 04.10. 2016 ൽ മറുപടിക്ക്

### വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ടി.ബൽറാം<br>" പി.ടി.തോമസ് | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ)വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ ഏതെങ്കിലും തീരുമാനങ്ങളിൽ നിന്നും ചില അംഗങ്ങൾ വിട്ടു നിന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;<br><br>(ബി)പ്രസ്തുത അംഗങ്ങൾ വിട്ട് നിൽക്കാനുള്ള കാരണം വ്യക്തമാക്കാമോ; | (എ)&(ബി) ഉണ്ട്<br><br>ഒരു തീരുമാനത്തിൽ നിന്നും രണ്ടംഗങ്ങൾ വിട്ടുനിന്നു.<br>കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ദീർഘ കാല കരാറടിസ്ഥാനത്തിൽ 25 വർഷത്തേക്ക് 865 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനായി വിവിധ കമ്പനികളുമായി ഏർപ്പെട്ടിട്ടുള്ള വൈദ്യുതി വാങ്ങൽ കരാർ അംഗീകരിക്കുന്നതിനുള്ള അപേക്ഷയിന്മേൽ തീരുമാനം എടുത്ത 30.08.2016 ലെ കമ്മീഷന്റെ ഉത്തരവിൽ നിന്നാണ് വിട്ടുനിന്നത്.<br>കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ഈ വിഷയം പരിഗണിക്കുന്ന സന്ദർഭത്തിൽ ഇവർ രണ്ടുപേരും കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിലെ ഡയറക്ടർമാരായിരുന്നതിനാൽ അവർ സ്വയം വിട്ടുനിൽക്കാൻ തീരുമാനിക്കുകയാണ് ഉണ്ടായത്. |
| (സി)ഇങ്ങനെ ചില അംഗങ്ങൾ വിട്ടുനിൽക്കുന്നത് കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) ബാധിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ